**159/2010-M**

ചോദ്യ പുസ്തക അക്ഷര കോഡ്: **A**

ചോദ്യ പുസ്തക ക്രമ നമ്പർ: 207473

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ ഒപ്പ് രേഖപ്പെടുത്താനുള്ള മേൽവിലാസ ലിസ്റ്റിലും, പരീക്ഷാഹാളിലെ ഇരിപ്പിടത്തിലും രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള, ക്രമ നമ്പറുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. **ചോദ്യ പുസ്തക അക്ഷര കോഡ് ഉത്തരക്കടലാസിന്റെ 'പാർട്ട് ബി'യിൽ നിർദ്ദിഷ്ടസ്ഥാനത്ത് എഴുതുകയും ബന്ധപ്പെട്ട കുമിള (ബബിൾ) കറുപ്പിക്കുകയും ചെയ്യുക.**
7. ചോദ്യ പുസ്തകം വലതു മാർജിനിൽ മധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
8. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ട് വരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
9. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
10. ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.
11. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
12. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.
13. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
14. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

## 159/2010-M

Maximum : 100 marks

Time : 1 hour and 15 minutes

1. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ആദ്യ ചിത്രം :
   (A) ഒരിടത്ത്
   (B) എലിപ്പത്തായം
   (C) സ്വയംവരം
   (D) കൊടിയേറ്റം

2. ഇന്ത്യൻ ഭരണഘടനയിൽ അവസരസമത്വം ഉറപ്പ് നൽകുന്ന വകുപ്പ് :
   (A) 15
   (B) 16
   (C) 20
   (D) 21

3. മൗലികാവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനയിലെ ഭാഗം :
   (A) ഭാഗം 1
   (B) ഭാഗം 4
   (C) ഭാഗം 3
   (D) ഇതൊന്നുമല്ല

4. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം എഴുതിയത് ആര്?
   (A) ഗാന്ധിജി
   (B) രാജേന്ദ്രപ്രസാദ്
   (C) അംബേദ്കർ
   (D) നെഹ്റു

5. ഇന്ത്യൻ ഭരണഘടന എത്ര മൗലികാവകാശങ്ങൾ ഉറപ്പു നൽകുന്നു?
   (A) 12
   (B) 8
   (C) 5
   (D) 6

6. ആസിഡ് ബാറ്ററിയിൽ ടോപ്പ്അപ്പിന് ഉപയോഗിക്കുന്ന ദ്രാവകം :
   (A) ഹൈഡ്രോക്ലോറിക് ആസിഡ്
   (B) സൾഫ്യൂരിക് ആസിഡ്
   (C) നൈട്രിക് ആസിഡ്
   (D) ഡിസ്റ്റിൽഡ് വാട്ടർ

7. സമുദ്രത്തിനടിയിൽ മന്ത്രിസഭായോഗം ചേർന്ന രാജ്യം :
   (A) ഇറാൻ
   (B) ഇസ്രായേൽ
   (C) മാലിദ്വീപ്
   (D) ശ്രീലങ്ക

8. ഫിലമെന്റ് ലാമ്പിൽ നിറയ്ക്കുന്ന വാതകം :
   (A) ഹീലിയം
   (B) ആർഗോൺ
   (C) നിയോൺ
   (D) ഹൈഡ്രജൻ

9. പ്രാഥമിക വർണ്ണങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന വർണ്ണം :

(A) നീല
(B) ചുവപ്പ്
(C) വെളുപ്പ്
(D) മഞ്ഞ

10. വെളുത്ത സ്വർണ്ണം എന്നറിയപ്പെടുന്നത് ഏതാണ്?

(A) പ്ലാറ്റിനം
(B) മെഗ്നീഷ്യം
(C) ചെമ്പ്
(D) അലൂമിനിയം

11. ഇന്ത്യൻ രാഷ്ട്രപതിയാകുന്നതിന് എത്ര വയസ്സ് തികഞ്ഞിരിക്കണം?

(A) 25
(B) 35
(C) 30
(D) 50

12. $3 + 2 \times 5 =$

(A) 25
(B) 13
(C) 30
(D) 11

13. താഴെ കൊടുത്തവയിൽ 3 കൊണ്ട് നിശ്ശേഷം ഹരിക്കാൻ കഴിയാത്ത സംഖ്യ ഏത്?

(A) 4614
(B) 3924
(C) 3852
(D) 9554

14. താഴെ കൊടുത്തവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

3, 5, 7, 9, 11, 13, 17

(A) 7
(B) 17
(C) 9
(D) 5

15. ആദ്യത്തെ 25 ഒറ്റ സംഖ്യകളുടെ തുക എത്രയാണ്?

(A) 225
(B) 425
(C) 625
(D) 925

16. $4\frac{5}{6}$ നെ വിഷമഭിന്നമാക്കിയാൽ കിട്ടുന്ന ഉത്തരം :

(A) $\frac{15}{6}$
(B) $\frac{50}{6}$
(C) $\frac{26}{6}$
(D) $\frac{29}{6}$

17. $\frac{5}{12}$ നോട് എത്ര കൂട്ടിയാൽ 1 കിട്ടും?

(A) $\frac{7}{12}$

(B) $\frac{12}{5}$

(C) $\frac{8}{12}$

(D) $\frac{6}{12}$

18. ഒരു സംഖ്യയുടെ $\frac{6}{9}$ ഭാഗം 54 ആണ് എങ്കിൽ സംഖ്യ എത്ര?

(A) 56

(B) 81

(C) 85

(D) 89

19. താഴെ പറയുന്നവയിൽ കേരള വന ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലം :

(A) മലയാറ്റൂർ

(B) പീച്ചി

(C) മാങ്കൊമ്പ്

(D) തേക്കടി

20. 'ത്രൂ ദി കോറിഡോർ ഓഫ് പവർ' ആരുടെ കൃതിയാണ്?

(A) മണി ശങ്കര അയ്യർ

(B) നരസിംഹറാവു

(C) പി.സി. അലക്സാണ്ടർ

(D) കെ.ആർ. നാരായണൻ

21. 'സിൽവർ വിപ്ലവം' എന്തിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) വെള്ളി

(B) മുട്ട

(C) ചണം

(D) ഗോതമ്പ്

22. മൈക്രോ ബയോളജിയുടെ പിതാവായി അറിയപ്പെടുന്നത് :

(A) എഡ്വേർഡ് ജന്നർ

(B) അലക്സാണ്ടർ ഫ്ലമിംഗ്

(C) ക്രിസ്ത്യൻ ബർണാർഡ്

(D) ലൂയി പാസ്ചർ

23. ഒച്ചിന് എത്ര കാലുകളുണ്ട്?

(A) ഒന്ന്

(B) മൂന്ന്

(C) നാല്

(D) എട്ട്

24. ലോകത്തിൽ ഏറ്റവും നീണ്ട കര അതിർത്തിയുള്ള രാജ്യം :

(A) റഷ്യ

(B) അമേരിക്ക

(C) ചൈന

(D) ഇതൊന്നുമല്ല

25. ഇന്ത്യയിലെ ഏറ്റവും വീളം കൂടിയ ദേശീയ പാത :

(A) NH 213
(B) NH 212
(C) NH 7
(D) NH 17

26. താഴെ പറയുന്നവയിൽ ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ ബാങ്ക് ഏത്?

(A) കനറാ ബാങ്ക്
(B) SBI
(C) വിജയ ബാങ്ക്
(D) കോർപ്പറേഷൻ ബാങ്ക്

27. ഇന്ത്യയിലെ കറൻസി നോട്ടുകളിൽ എത്ര ഭാഷകളിൽ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നു?

(A) 14
(B) 16
(C) 17
(D) 12

28. ഏറ്റവും കൂടുതൽ നദികൾ ഒഴുകുന്ന ജില്ല ഏത്?

(A) വയനാട്
(B) കാസർഗോഡ്
(C) ഇടുക്കി
(D) പാലക്കാട്

29. താഴെ പറയുന്നവയിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള രാജ്യം :

(A) ഇന്ത്യ
(B) പാകിസ്ഥാൻ
(C) ഇന്തോനേഷ്യ
(D) ചൈന

30. ഭാവിയുടെ ലോഹം എന്നറിയപ്പെടുന്നത് :

(A) ഇറിഡിയം
(B) ടെക്നീഷ്യം
(C) ചെമ്പ്
(D) ടൈറ്റാനിയം

31. താഴെ പറയുന്നവയിൽ മണ്ണെണ്ണയിൽ സൂക്ഷിച്ചു വെക്കുന്നത് ഏത്?

(A) സോഡിയം
(B) സിങ്ക്
(C) വനേഡിയം
(D) ലിഥിയം

32. യുദ്ധം ആരംഭിക്കുന്നത് മനുഷ്യ മനസ്സിലാണ് എന്ന് പറയുന്നത് ഏത് വേദത്തിൽ?

(A) സാമവേദം
(B) അഥർവ്വവേദം
(C) ഋഗ്വേദം
(D) ഇതൊന്നുമല്ല

33. മഹാഭാരതയുദ്ധം എത്ര ദിവസം നീണ്ടുനിന്നു?

(A) 18
(B) 12
(C) 81
(D) 85

34. ഇന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം ഏതു സംസ്ഥാനത്തിലാണ്?

(A) ആസ്സാം

(B) ബീഹാർ

(C) കർണ്ണാടക

(D) യു.പി.

35. ശ്രീലങ്കയിൽ പ്രചാരത്തിലുള്ള പ്രമുഖ തമിഴ് ദിനപത്രം :

(A) വീരകേസരി

(B) നാഷണൽ ഹെറാൾഡ്

(C) ലീഡർ

(D) ബ്ലിറ്റ്സ്

36. താഴെ പറയുന്നവയിൽ ഏറ്റവും പഴക്കമുള്ള വാർത്താ ഏജൻസി :

(A) അസോസിയേറ്റഡ് പ്രസ്സ്

(B) AFP

(C) റോയിട്ടർ

(D) UNI

37. നാണയങ്ങളെക്കുറിച്ചുള്ള പഠനം :

(A) കാംപോളജി

(B) ഓർണിത്തോളജി

(C) ന്യൂമിസ്മാറ്റിക്സ്

(D) ഡെൻട്രിയോളജി

38. ഏറ്റവും കൂടുതൽ രാജ്യങ്ങളുടെ തപാൽസ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ഇന്ത്യക്കാരൻ :

(A) ഗാന്ധിജി

(B) നെഹ്റു

(C) സി. രാജഗോപാലാചാരി

(D) അംബേദ്കർ

39. സുപ്രീംകോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജി :

(A) ലീലാസേഥ്

(B) ഫാത്തിമാ ബീവി

(C) സുജാത മനോഹർ

(D) അന്നാ ചാണ്ടി

40. സോഡാ വെള്ളത്തിൽ അടങ്ങിയിരിക്കുന്നത് :

(A) കാർബോണിക് ആസിഡ്

(B) ലാക്ടിക് ആസിഡ്

(C) ഫോമിക് ആസിഡ്

(D) ടാർടാറിക് ആസിഡ്

41. സസ്യ എണ്ണയിലൂടെ എന്ത് കടത്തിവിട്ടാണ് വനസ്പതി നെയ്യ് ഉല്പാദിപ്പിക്കുന്നത്?

(A) ഹീലിയം

(B) ഓക്സിജൻ

(C) നൈട്രജൻ

(D) ഹൈഡ്രജൻ

42. രവീന്ദ്രനാഥ ടാഗോറിനെ ഗുരുദേവൻ എന്ന് അഭിസംബോധന ചെയ്തത് ആര്?

(A) ഗാന്ധിജി

(B) നെഹ്റു

(C) സി. രാജഗോപാലാചാരി

(D) ഖാൻ അബ്ദുൾ ഗാഫർ ഖാൻ

43. ആയിരം മലകളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം :

(A) നേപ്പാൾ

(B) റുവാണ്ട

(C) റഷ്യ

(D) സോമാലിയ

44. കാഞ്ചൻജംഗ സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) ഒറീസ്സ

(B) ത്രിപുര

(C) സിക്കിം

(D) മധ്യപ്രദേശ്

45. ദേശീയപതാകയിലെ ധർമ്മചക്രത്തിന് എത്ര ആരക്കാലുകളുണ്ട്?

(A) 24

(B) 28

(C) 20

(D) 25

46. ലോകത്തിലെ ഏറ്റവും പഴക്കമുള്ള പതാക ഏതു രാജ്യത്തിന്റേതാണ്?

(A) ഈജിപ്ത്

(B) ഇറ്റലി

(C) ന്യൂസിലാന്റ്

(D) ഡെൻമാർക്ക്

47. ലോകത്തിലെ ആദ്യത്തെ ടെസ്റ്റ്യൂബ് ശിശു :

(A) പ്രൊമിത്യ

(B) ബേബി ദുർഗ്ഗ

(C) ലൂയി ബ്രൗൺ

(D) ഡോളി

48. പ്രകൃതിയുടെ ടോണിക് എന്നറിയപ്പെടുന്നത് :

(A) വാഴപ്പഴം

(B) ഓറഞ്ച്

(C) ആപ്പിൾ

(D) മുന്തിരി

49. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്രവിമാനത്താവളങ്ങളുള്ള സംസ്ഥാനം :

(A) മഹാരാഷ്ട്ര

(B) U.P.

(C) കേരള

(D) കർണ്ണാടക

50. കേരളത്തിലെ ആദ്യത്തെ ഉപഗ്രഹ ചാനൽ :

(A) കൈരളി

(B) ഇന്ത്യാവിഷൻ

(C) ഏഷ്യാനെറ്റ്

(D) ജീവൻ

51. 125 രൂപ വിലയുള്ള ഒരു വാച്ച് വിറ്റപ്പോൾ 150 രൂപ കിട്ടി. ലാഭം എത്ര ശതമാനം?

(A) 12%

(B) 20%

(C) 18%

(D) 25%

52. 22,500 രൂപയ്ക്കാണ് ഒരു കമ്പ്യൂട്ടർ വിറ്റത്. വിറ്റപ്പോൾ 25% നഷ്ടം വന്നു. എങ്കിൽ അതിന്റെ വാങ്ങിയ വില എന്ത്?

(A) രൂ. 40,000

(B) രൂ. 30,000

(C) രൂ. 27,500

(D) രൂ. 29,000

53. $\frac{3}{5}$ ന്റെ ദശാംശ രൂപം :

(A) 0.3

(B) 0.03

(C) 0.6

(D) 0.63

54. 2,500 രൂപയ്ക്ക് 6% നിരക്കിൽ 3 വർഷത്തെ പലിശ എത്ര?

(A) 250

(B) 350

(C) 500

(D) 450

55. ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ദ്രാവിഡഭാഷ :

(A) തമിഴ്

(B) തെലുങ്ക്

(C) മലയാളം

(D) ഇതൊന്നുമല്ല

56. ആധുനിക ഇന്ത്യയുടെ പിതാവ് :

(A) കാനിംഗ്

(B) ഡൽഹൗസി

(C) റിപ്പൺ

(D) വെല്ലസ്ലി

57. ഇന്ത്യയിൽ പോസ്റ്റൽ വകുപ്പ് സ്ഥാപിതമായത് ആരുടെ കാലത്ത്?

(A) റിപ്പൺ

(B) കഴ്സൺ

(C) വെല്ലസ്ലി

(D) ഡൽഹൗസി

58. ലോക തപാൽ ദിനം :

(A) ഏപ്രിൽ 7
(B) ഒക്ടോബർ 1
(C) ജനുവരി 9
(D) ഒക്ടോബർ 10

59. ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തുകളുള്ള ജില്ല :

(A) തൃശ്ശൂർ
(B) പാലക്കാട്
(C) തിരുവനന്തപുരം
(D) മലപ്പുറം

60. ജൈനമതത്തിലെ എത്രാമത്തെ തീർത്ഥങ്കരനാണ് വർദ്ധമാന മഹാവീരൻ?

(A) 24
(B) 12
(C) 25
(D) 1

61. മഹാഭാരതയുദ്ധം നടന്ന കുരുക്ഷേത്ര ഏതു സംസ്ഥാനത്താണ്?

(A) പഞ്ചാബ്
(B) ഹരിയാന
(C) ബീഹാർ
(D) ഉത്തർപ്രദേശ്

62. ഇന്ത്യയിലാദ്യമായി സ്വർണ്ണനാണയങ്ങൾ പുറത്തിറക്കിയ രാജവംശം :

(A) കുശാനവംശം
(B) ഗുപ്തവംശം
(C) മൗര്യവംശം
(D) ഗൗര്യവംശം

63. ബാലവേല നിരോധിക്കുന്ന ഭരണഘടനാ വകുപ്പ് :

(A) 24
(B) 32
(C) 35
(D) 20

64. കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനാ വകുപ്പ് :

(A) 380
(B) 310
(C) 370
(D) 301

65. താഴെ പറയുന്നവരിൽ 'ബുദ്ധചരിതം' എന്ന കൃതിയുടെ കർത്താവ് ആര്?

(A) ആനന്ദൻ
(B) അശ്വഘോഷൻ
(C) നാഗാർജ്ജുനൻ
(D) വസുമിത്രൻ

66. ബുദ്ധനു ജ്ഞാനോദയം ലഭിച്ച ഗയ ഏതു സംസ്ഥാനത്തിലാണ്?

(A) പഞ്ചാബ്
(B) ബീഹാർ
(C) ഹരിയാന
(D) ഒറീസ്സ

67. കുത്തുബുദ്ദീൻ ഐബക്ക് ഏത് രാജവംശത്തിൽപ്പെടുന്നു?

(A) ഖിൽജി വംശം

(B) തുഗ്ലക്ക് വംശം

(C) അടിമ വംശം

(D) സയ്യിദ് വംശം

68. ഫത്തേപ്പൂർ സിക്രി എന്ന പട്ടണം പണി കഴിപ്പിച്ചത് ആര്?

(A) ഔറംഗസീബ്

(B) ജഹാംഗീർ

(C) ബാബർ

(D) അക്ബർ

69. ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ട സ്ഥലം :

(A) ഡൽഹി

(B) മീററ്റ്

(C) കാൺപൂർ

(D) ഗ്വാളിയാർ

70. ബംഗാൾ വിഭജനം നിലവിൽ വന്ന വർഷം :

(A) 1906

(B) 1916

(C) 1905

(D) 1910

71. ഭൂദാന പ്രസ്ഥാനം ആരംഭിച്ചത് :

(A) വിനോബ ഭാവെ

(B) ജയപ്രകാശ് നാരായൺ

(C) സുന്ദർലാൽ ബഹുഗുണ

(D) ഗോപാലകൃഷ്ണ ഗോഖലെ

72. 'ഇങ്ക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ് :

(A) സുഭാഷ് ചന്ദ്രബോസ്

(B) ഭഗത്സിംഗ്

(C) മുഹമ്മദ് ഇക്ബാൽ

(D) ബാലഗംഗാധര തിലക്

73. ഏറ്റവുമധികം ഓക്സിജൻ ഉല്പാദിപ്പിക്കുന്ന വൃക്ഷം :

(A) റെഡ്‌വുഡ്

(B) അരയാൽ

(C) അക്കേഷ്യ

(D) തേക്ക്

74. ശാന്തിവനം ആരുടെ അന്ത്യവിശ്രമ സ്ഥലമാണ്?

(A) ഗാന്ധിജി

(B) നെഹ്റു

(C) ഇന്ദിരാഗാന്ധി

(D) രാജീവ് ഗാന്ധി

75. അടുത്തകാലത്ത് ഗ്രഹപദവിയിൽ നിന്നും പുറത്തായത് :

(A) പ്ലൂട്ടോ
(B) ശനി
(C) യുറാനസ്
(D) നെപ്റ്റ്യൂൺ

76. താഴെ പറയുന്ന ഗ്രഹങ്ങളിൽ ഏതിനാണ് തുരുമ്പിച്ച ഗ്രഹം എന്ന പേരുള്ളത്?

(A) ചൊവ്വ
(B) ബുധൻ
(C) ശനി
(D) നെപ്റ്റ്യൂൺ

77. ഹെപ്പറ്റോളജി ഏതു വിഷയവുമായി ബന്ധപ്പെട്ട പഠന ശാഖയാണ്?

(A) രക്തം
(B) കരൾ
(C) ശരീരകലകൾ
(D) ഹൃദയം

78. സർവ്വീസ് സ്റ്റോറി ആരുടെ ആത്മകഥയാണ്?

(A) മാധവൻ നായർ
(B) കെ.ഇ. മത്തായി
(C) എം.പി. ഭട്ടതിരിപ്പാട്
(D) മലയാറ്റൂർ

79. ഭരതനാട്യം ഏത് സംസ്ഥാനത്തിന്റെ നൃത്തരൂപമാണ്?

(A) കേരള
(B) തമിഴ്നാട്
(C) കർണ്ണാടക
(D) ആന്ധ്ര

80. ബിസ്മില്ലാ ഖാൻ താഴെ പറയുന്ന ഏതു സംഗീത ഉപകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) തബല
(B) സരോജ്
(C) സിത്താർ
(D) ഷഹനായ്

81. 2012 ലെ ഒളിംപിക്സ് നടക്കുന്ന സ്ഥലം :

(A) ലണ്ടൻ
(B) മ്യൂണിക്ക്
(C) പാരീസ്
(D) ബർലിൻ

82. പ്രതിരോധത്തിന്റെ യൂണിറ്റ് ഏത്?

(A) ആമ്പിയർ
(B) വോൾട്ട്
(C) ഓം
(D) വാട്ട്

83. "ഗർഭശ്രീമാൻ'' എന്ന അപരനാമത്തിൽ അറിയപ്പെടുന്നത് ആര്?

(A) മാർത്താണ്ഡവർമ്മ
(B) സ്വാതി തിരുനാൾ
(C) ചിത്തിര തിരുനാൾ
(D) ഉത്രാടം തിരുനാൾ

84. ഏറ്റവും കൂടുതൽ പ്രാവശ്യം കേന്ദ്രബജറ്റ് അവതരിപ്പിച്ചത് ആര്?

(A) പ്രണബ് മുഖർജി
(B) യശ്വന്ത് സിൻഹ
(C) മൊറാർജി ദേശായ്
(D) പി. ചിദംബരം

85. റബ്ബർ ഉത്പാദനത്തിൽ മുന്നിട്ട് നിൽക്കുന്ന ജില്ല :

(A) പത്തനംതിട്ട
(B) പാലക്കാട്
(C) കോഴിക്കോട്
(D) കോട്ടയം

86. കേരളത്തിലെ ഏറ്റവും പഴക്കമുള്ള അണക്കെട്ട് :

(A) പള്ളിവാസൽ
(B) ഇടുക്കി
(C) കുറ്റ്യാടി
(D) മലമ്പുഴ

87. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ആസ്ഥാനം :

(A) പെരുമ്പാവൂർ
(B) പുനലൂർ
(C) കോഴിക്കോട്
(D) അങ്കമാലി

88. കേരളത്തിലെ രണ്ടാമത്തെ റേഡിയോ നിലയം ഏത്?

(A) തൃശ്ശൂർ
(B) ആലപ്പുഴ
(C) കോഴിക്കോട്
(D) ഇതൊന്നുമല്ല

89. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ :

(A) സർദാർ കെ.എം. പണിക്കർ
(B) വക്കം അബ്ദുൾഖാദർ മൗലവി
(C) രാമകൃഷ്ണപിള്ള
(D) ഇവർ ആരുമല്ല

90. കണ്ണിന് ഏറ്റവും സുഖകരമായ നിറം :

(A) മഞ്ഞ
(B) നീല
(C) പച്ച
(D) വെള്ളപ്പ്

91. റേഡിയോ കണ്ടുപിടിച്ചത് ആര്?

(A) ജോൺ വാക്കർ
(B) മാർക്കോണി
(C) ടോറിസെല്ലി
(D) എഡിസൺ

92. കോശം കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ :

(A) തിയോഡർ ഷ്വാൻ
(B) ബെക്സൺ
(C) റോബർട്ട് ഹുക്ക്
(D) റുഡോൾഫ്

93. ചിക്കൻഗുനിയ പടർന്നു പിടിച്ച പ്രദേശം :
(A) മൂന്നാർ
(B) മട്ടാഞ്ചേരി
(C) ചേർത്തല
(D) ആലുവ

94. താഴെ പറയുന്നവയിൽ വൈറസ്മൂലം ഉണ്ടാകാത്ത രോഗം :
(A) ഡിഫ്ത്തീരിയ
(B) ചിക്കൻപോക്സ്
(C) എയ്ഡ്സ്
(D) ജലദോഷം

95. 'ബേർഡ്സ് ഓഫ് ട്രാവൻകൂർ ആൻഡ് കൊച്ചിൻ' ആരുടെ പുസ്തകമാണ്?
(A) ഇന്ദുചൂഡൻ
(B) ഹെർമൻ മെർവിൻ
(C) ജോർജ്ജ് ഓർവെൽ
(D) സലിം അലി

96. രക്തം കട്ട പിടിക്കാൻ സഹായിക്കുന്നത് :
(A) വിറ്റാമിൻ A
(B) വിറ്റാമിൻ C
(C) വിറ്റാമിൻ K
(D) വിറ്റാമിൻ D

97. വിറ്റാമിൻ C യുടെ കുറവുമൂലം ഉണ്ടാകുന്ന രോഗം :
(A) അനീമിയ
(B) വയറിളക്കം
(C) കണരോഗം
(D) സ്കർവി

98. ഭൂമിയിലെ ഏറ്റവും പഴക്കം ചെന്ന രോഗം :
(A) വെള്ളപാണ്ഡ്
(B) കുഷ്ഠം
(C) പ്ലേഗ്
(D) കോളറ

99. ചൈനീസ് റോസ് എന്നറിയപ്പെടുന്ന പുഷ്പം :
(A) സൂര്യകാന്തി
(B) താമര
(C) ആഞ്ഞിലി
(D) ചെമ്പരത്തി

100. രാഷ്ട്രപതിയുടെ വെള്ളി മെഡൽ നേടി ദേശീയ അംഗീകാരം ലഭിച്ച ആദ്യ മലയാള ചിത്രം :
(A) നീലക്കുയിൽ
(B) വിഗതകുമാരൻ
(C) ബാലൻ
(D) കണ്ടം ബെച്ച കോട്ട്